"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-സർവീസിൽ നിന്നും വിരമിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.ജി.സതീഷിന് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.321/2022/F&WLD തീയതി,തിരുവനന്തപുരം, 27-07-2022.

പരാമർശം:- 1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 03.05.2021, 27.12.2021 തീയതികളിലെ ഇ7-2387/2020 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോന്നി ഡിവിഷനിലെ നടുവത്തുമൂഴി റേഞ്ചിൽ പാടം ഫോറസ്റ്റ് സ്റ്റേഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.ജി.സതീഷ്, 12.07.2013 മുതൽ 31.07.2019 വരെയുള്ള കാലയളവുകളിൽ വിവിധ ഘട്ടങ്ങളിൽ എടുത്തിട്ടുള്ള ശൂന്യവേതനാവധികൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.ജി.സതീഷ് 12.07.2013 മുതലുള്ള വിവിധ കാലയളവുകളിൽ അനധികൃത ഹാജരില്ലായ്മയിലാണ് അനധികൃത ഹാജരില്ലായ്മ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയായി ക്രമീകരിക്കാനാവില്ല. ആയതിനാൽ, ടിയാന്റെ 12-07-2013 മുതൽ 03-02-2014 വരേയും, 04-05-2017 മുതൽ 21-09-2018 വരെയുള്ള സസ്പെൻഷൻ കാലയളവും 22-09-2018 മുതൽ 31-07-2019 (വിരമിക്കൽ തീയതി) വരെയുളള ഇടവേളയും ഉൾപ്പെടെയുളള 25-02-2014 മുതൽ 31-07-2019 വരേയും ഉളള കാലയളവുകൾ ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I , ചട്ടം 8 8 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. കെ.എസ്.ആർ ഭാഗം I ചട്ടം 55B(i) പ്രകാരം വേതനമില്ലാത്ത അവധിയിലായിരിക്കുന്ന ഒരു ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുമ്പോൾ അവധികാലയളവിൽ യാതൊരു ഉപജീവനബത്തയ്ക്കും അർഹതയില്ലാത്തതി നാൽ, സസ്പെൻഷൻ കാലയളവിൽ ടിയാന് ഉപജീവന ബത്തയ്ക്ക് അർഹത യില്ലാത്തതും ടിയാൻ ഉപജീവന ബത്ത കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം), തിരുവനന്തപുരം.

(സേവനപുസ്തകം സഹിതം).

ശ്രീ.ജി.സതീഷ്, റിട്ട. ബീറ്റ് ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (16.07.2022 ലെ 1787298/അഗ്രി-എ1/115/2021/ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**

**Date: 27-07-2022 17:11:55**

സെക്ഷൻ ഓഫീസർ.